LIBRARY ARCHIVES Kerala Legislative Assembly

സോളാർ കേസ്

145 (150) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ കേസ് തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതെല്ലാം സ്റ്റേഷനുകളിൽ; ഇതിൽ പ്രതികൾ ജാമ്യമെടുത്ത കേസ്സുകൾ എത്ര ;

(ബി) ഈ കേസ്സന്വേഷണവുമായി ബന്ധപ്പെട്ട് ഇതുവരെ ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് 36 കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏതെല്ലാം സ്റ്റേഷനുകളിലാണ് കേസ് രജിസ്റ്റർ ചെയ്തത് എന്ന വിവരവും ഇതിൽ ജാമ്യമെടുത്ത പ്രതികളുടെ വിവരവും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകിക്കൊണ്ട് സംസ്ഥാനത്തെ ക്രമസമാധാനം ഉറപ്പുവരുത്തുക എന്നുള്ളതാണ് പോലീസിന്റെ കർത്തവ്യം. ഇക്കാര്യത്തിൽ ഓരോ ക്രൈം കേസ് തിരിച്ചോ ചുമതലപ്പെടുത്തിയിട്ടുള്ള കർത്തവ്യങ്ങൾ തിരിച്ചോ ചെലവാക്കപ്പെടുന്ന തുക പ്രത്യേകമായി കണക്കാക്കപ്പെടാറില്ല. ഇപ്രകാരം സോളാർ തട്ടിപ്പുകേസുകൾക്കും അന്വേഷണത്തിന് ചെലവായ തുക കണക്കാക്കിയിട്ടില്ല.

രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകൾ

146 (151) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ബലാത്സംഗം, മോഷണം, ഭവനഭേദനം, കുട്ടികൾക്കെതിരെയുള്ള അതിക്രമം, സ്ത്രീപീഡനം, മയക്കുമരുന്ന കേസുകൾ, രാഷ്ട്രീയകൊലപാതകം, രാഷ്ട്രീയേതര കൊലപാതകം, ഗുണ്ടാ ആക്ട് ചുമത്തിയയിനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്കുകൾ ഉൾപ്പെടെ വിശദവിവരം നൽകുമോ ;

(ബി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്; Conviction rate-ന്റെ വിശദവിവരം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ബലാത്സംഗം, മോഷണം, ഭവനഭേദനം, കുട്ടികൾക്കെതിരെയുള്ള അതിക്രമം, സ്ത്രീപീഡനം, മയക്കുമരുന്ന കേസുകൾ, രാഷ്ട്രീയ കൊലപാതകം, രാഷ്ട്രീയേതര കൊലപാതകം, ഗുണ്ടാ ആക്ട് തുടങ്ങിയയിനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ഇനം തിരിച്ചുള്ള കണക്കുകളും ഇതിൽ പ്രതികളെ ശിക്ഷിച്ചിട്ടുള്ള കേസുകളും വിചാരണ നടന്ന കേസുകളിൽ കൺവിക്ഷൻ റേറ്റിന്റെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

സർക്കാർ പിൻവലിക്കുന്ന കേസുകൾ

147 (152) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. ബി. സത്യൻ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ശിക്ഷാനിയമ പ്രകാരമുള്ള വിചാരണയും ശിക്ഷയും ഒഴിവാക്കാൻ സർക്കാർ കേസുകൾ പിൻവലിക്കുന്നത് എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കാമോ;

(ബി) കോടതി വിചാരണയുടെ വിവിധ ഘട്ടങ്ങളിലിരുന്ന കേസുകൾ സർക്കാർ പിൻവലിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാർ നാളിതുവരെ കേസ് പിൻവലിക്കുന്നതിന് നൽകിയ ശുപാർശകളുടെ കണക്കുകൾ ലഭ്യമാണോ; വിജിലൻസ് കേസുകൾ ഏതെങ്കിലും പിൻവലിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) കേസ് പിൻവലിച്ചുകിട്ടുന്നതിലേക്ക് സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന അപേക്ഷകളുടെ കണക്കുകൾ ലഭ്യമാണോ; അവയിൽ വിജിലൻസ് കേസുകൾ ഉണ്ടോ? വിശദമാക്കാമോ ?

ഉത്തരം

(എ) അതെ, പൊതുജന വിരുദ്ധമായിട്ടുള്ളതും, പോലീസിനെതിരെയുള്ള ആക്രമണം, പൊതുജനങ്ങൾക്ക് നേരെ ആക്രമണം, പതിനായിരം രൂപയ്ക്കുമേൽ പൊതുമുതൽ നാശനഷ്ടം എന്നീ ഗുരുതരമായ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly